മാസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റ് സർജൻമാർ എന്നിവർക്ക് നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകേണ്ടതുകൊണ്ട് ടി ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതിനകം തന്നെ 499 പേർക്ക് നിയമനം നൽകിക്കഴിഞ്ഞു. അടുത്ത രണ്ടുവർഷത്തിനുള്ളിൽ 500 (അഞ്ഞൂറ്)പേർക്കുകൂടി നിയമനം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർകോഡ് ഗസ്റ്റഡ് ഹൗസ്

15 (2428) ശ്രീ. സി.ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാസർകോഡ് ഒരു ഗസ്റ്റഡ്ഹൗസ് പണിയുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ അതിന്റെ പണി തുടങ്ങുവാൻ കഴിയും?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിയുന്നത്ര വേഗം പണി തുടങ്ങുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

കുഷ്ഠരോഗികൾ

16 (2429) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉള്ള എത്ര കുഷ്ഠരോഗികൾക്ക് ചികിൽസ ലഭിക്കുന്നുണ്ട്;

(ബി) ഏറ്റവുമധികം കുഷ്ഠരോഗികളുള്ള ജില്ലകൾ ഏതെല്ലാമാണ്;

(സി) സാംക്രമികസാദ്ധ്യതയുള്ള ജില്ലകൾ ഏതെല്ലാമാണ്;

(ഡി) ഈ രോഗം നിയന്ത്രണാധീനമാക്കാൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ഇ) തമിഴ്നാട്ടിൽ നിന്ന് ധാരാളം രോഗികൾ സംസ്ഥാനത്തേക്ക് വരുന്നതു തടയുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 72,000 രോഗികൾക്ക് ചികിൽസ ലഭിക്കുന്നുണ്ട്.

(ബി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, കാസർകോട്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ.

(സി) മേൽപ്പറഞ്ഞ ജില്ലകളിലെല്ലാംതന്നെ സാംക്രമിക സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുഷ്ഠരോഗികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി 4 ലെപ്രസി കൺട്രോൾ യൂണിറ്റുകളും 327 എസ്.ഇ.ടി. സെൻറുകളും ഒരു പൈലറ്റ് സർവ്വേ യൂണിറ്റും, 2 റീ കൺസ്ട്രക്ടീവ് സർജറി യൂണിറ്റുകളും, 3 കുഷ്ഠരോഗ ആശുപത്രികളും, 27 അർബൻ ലെപ്രസി സെൻറുകളും, 2 സൂപ്പർവൈസറി അർബൻ സെൻറുകളും ഒരു ലെപ്രസി ട്രെയിനിംഗ് സെൻറും പ്രവർത്തിച്ചുവരുന്നു. ഇവകൂടാതെ 3 ലെപ്രസി ആശുപത്രികൾ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. കുഷ്ഠരോഗികൾ രോഗവിമുക്തരാകുമ്പോൾ അവരുടെ പുനരധിവാസത്തിനായി റിഹാബിലിറ്റേഷൻ ഫണ്ടിൽനിന്നും 2000 രൂപാവീതം ഗ്രാൻറായോ ലോണായോ നൽകാനും ഏർപ്പാടുണ്ട്. 30 പേർക്ക് ഇതിനകം ഈ സൗജന്യം നൽകിയിട്ടുണ്ട്. കുഷ്ഠരോഗാശുപത്രികളിൽ റിഹാബിലിറ്റേഷൻ സൗകര്യവുമുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ മണ്ണട്ടി ഡ്രഗ് റജിം ഉടനെത്തന്നെ ആരംഭിക്കുന്നതാണ്. അതിനുവേണ്ട പരിശീലനം ഈ വിഭാഗത്തിലുള്ള എല്ലാ ജീവനക്കാർക്കും കൊടുത്തിട്ടുണ്ട്.

(ഇ) കുഷ്ഠരോഗികൾക്കും സമ്പൂർണ്ണമായ സഞ്ചാര സ്വാതന്ത്ര്യമുണ്ട്. ആ നിലയ്ക്ക് സംസ്ഥാനത്തിനു പുറത്തുനിന്നു വരുന്നവരെ തടയാൻ നിർവാഹമില്ല.

മത്സ്യഫെഡിലെ നിയമനങ്ങൾ

17 (2431) ശ്രീ. കെ.കെ. ശ്രീനിവാസൻ:
,, കെ. മുഹമ്മദാലി:
,, ടി.എച്ച്. മുസ്തഫ:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ നിയമനങ്ങളിൽ ഒരു നിശ്ചിത ശതമാനം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നീക്കിവയ്ക്കണമെന്നുള്ള നിബന്ധന പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യഫെഡിന്റെ മത്സ്യവില്പന

18 (2432) ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് മത്സ്യവില്പനയിലൂടെ 1985-86-ൽ എത്ര രൂപയുടെ മത്സ്യം വിറ്റഴിച്ചിട്ടുണ്ട്; ഇത് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ലാഭമോ നഷ്ടമോ;

LIBRARY ARCHIVES Kerala Legislative Assembly